# ഫാ. ബാബു ചേലപ്പാടൻ (49) നിര്യാതനായി



തൃശൂർ അതിരൂപതയിലെ ചൊവ്വന്നൂർ പള്ളി വികാരി റവ. ഫാ. ബാബു ചേലപ്പാടൻ 2017 ആഗസ്റ്റ് 12ന് രാവിലെ 4:20 ന് അന്തരിച്ചു. മൃത സംസ്കാരശുശ്രൂഷ ആഗസ്റ്റ് 14ന് തിങ്കൾ ഉച്ചകഴിഞ്ഞ് 2:45ന് ഒളരിക്കര പള്ളിയിൽ അഭിവന്ദ്യപിതാക്കന്മാരുടെ നേതൃത്വത്തിൽ നടത്തപ്പെടും.

മൃതദേഹം ആഗസ്റ്റ് 13 ന് ഞായർ രാവിലെ 8:30ന് തൃശൂർ സെന്റ് ജോസഫ് വൈദികമന്ദിരത്തിലുള്ള തിരുക്കർമ്മങ്ങൾക്കുശേഷം ചൊവ്വന്നൂർ പള്ളിയിലേക്കു കൊണ്ടുപോകും. അവിടെ 10:30 മണിക്കുള്ള ദിവ്യബ ലിക്കുശേഷം ഉച്ചക്ക് 1 മണിക്ക് ഒളരിക്കരയിലുള്ള സ്വഭവനത്തിലേക്ക് കൊണ്ടുപോകും. തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 2:00ന് വീട്ടിലെ തിരുക്കർമ്മ ങ്ങൾക്കുശേഷം മൃതശരീരം ഇടവക പള്ളിയിലേക്ക് സംവഹിക്കും.

ചേലപ്പാടൻ പരേതനായ പോൾ + മേരി ദമ്പതികളുടെ മകനായി 1968 ജൂൺ 7ന് ഒളരിക്കര യിൽ ജനിച്ചു. തൃശ്ശൂർ മൈനർ സെമിനാരി, കോട്ടയം വടവാതൂർ സെന്റ് തോമസ് അപ്പസ്തോ ലിക് സെമിനാരി എന്നിവിടങ്ങളിലെ വൈദികപരിശീലനം പൂർത്തിയാക്കിയശേഷം 1995 ഡിസം ബർ 29-ന് ഒളരിക്കര ലിറ്റിൽ ഫ്ളവർ ദൈവാലയത്തിൽ വച്ച് മാർ ജോസഫ് കുണ്ടുകുളം പിതാ വിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു.

തൃശ്ശൂർ ബസിലിക്കയിൽ അസ്തേന്തിയായും, മഡോണനഗർ, നെഹ്റുനഗർ, കൊഴുക്കുള്ളി, മണലാടി, അത്താണി, ചിയ്യാരം വിജയമാത എന്നിവിടങ്ങളിൽ വികാരി, സ്ലം സർവ്വീസ് സെന്റർ, പോപ് പോൾ പീസ് ഹോം എന്നിവിടങ്ങളിൽ ഡയറക്ടർ, വൈദികസമിതിയംഗം, പാസ്റ്ററൽ കൗൺസിൽ അംഗം, കലാസദൻ സെക്രട്ടറി, തൊഴിലഭ്യസനപീഠം അസിസ്റ്റന്റ് മാനേജർ എന്നീ നിലകളിൽ അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ ചൊവ്വന്നൂർ പള്ളി വികാരിയായി സേവന മനുഷ്ഠിച്ചു വരികയായിരുന്നു.

പരേതനായ ജോസ്, ആനി ഫ്രാൻസിസ്, ജെസ്സി വർഗ്ഗീസ്, സിസ്റ്റർ നീന പോൾ എഫ്. സി. സി. (പെരിങ്ങോട്ടുകര സെന്റ് ജോസഫ് കോൺവെന്റ് സൂപ്പീരിയർ), റീത്ത ആന്റണി എന്നിവർ സഹോദരങ്ങളാണ്.

കാരമുക്ക് ഇടവക വികാരി ഫാ. ജോർജ്ജ് ചേലപ്പാടൻ, സി. റോസ് എഫ്. സി. സി. (രാജ്കോട്ട്) എന്നിവർ പിതൃസഹോദരരാണ്.



ഫാ. മാത്യു കുറ്റിക്കോട്ടയിൽ
ചാൻസലർ, തൃശൂർ അതിരൂപത